**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5160** **21-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കൂൺ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൂൺ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേനയാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.<br><br>കൂൺ ഗ്രാമം പദ്ധതിയിൽ 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു കൂൺ ഗ്രാമത്തിൽ നൂറു ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, രണ്ടു വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, ഒരു സ്പോൺ ഉത്പാദന യൂണിറ്റ്, പത്തു കമ്പോസ്റ്റ് യൂണിറ്റുകൾ, രണ്ടു പാക്ക് ഹൗസുകൾ, മൂന്നു സംസ്കരണ യൂണിറ്റുകൾ, നൂറുപേർക്ക് പരിശീലനം എന്നിവയാണ് വിവിധ ഘടകങ്ങൾ. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നമ്പർ | ഘടകം | യൂണിറ്റുകളുടെ എണ്ണം | പദ്ധതി ചെലവ് (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 11250 രൂപ) | 100 | 28.1250 | 11.25 |
| 2 | വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 2,00,000 രൂപ) | 2 | 10.00 | 4.00 |
| 3 | സ്പോൺ ഉത്പാദന യൂണിറ്റ്(40% സബ്സിഡി @ 2,00,000 രൂപ) | 1 | 5.00 | 2.00 |
| 4 | കമ്പോസ്റ്റ് യൂണിറ്റുകൾ (50% സബ്സിഡി @ 50,000 രൂപ) | 10 | 10.00 | 5.00 |
| 5 | പാക്ക് ഹൌസുകൾ (50% സബ്സിഡി @ 2,00,000 രൂപ) | 2 | 8.00 | 4.00 |
| 6 | സംസ്കരണ യൂണിറ്റുകൾ (50% സബ്സിഡി @ 1,00,000 രൂപ) | 3 | 6.00 | 3.00 |
| 7 | പരിശീലനം (പങ്കെടുക്കുന്നവരുടെ എണ്ണം) | 100 | 1.00 | 1.00 |
| | **ആകെ** | | **68.125** | **30.25** |

<table>
<tr><td>(ബി)</td><td>കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;</td><td>(ബി)</td><td>കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്കിലെ എടച്ചേരി, പുറമേരി, നാദാപുരം, ചെക്കിയാട്, വളയം, വാണിമേൽ, തൂണേരി എന്നീ പഞ്ചായത്തുകളിലായി അനുവദിച്ചിട്ടുള്ള 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളിൽ 49 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുറമേരി പഞ്ചായത്തിൽ ഒരു വൻകിട കൂൺ ഉത്പാദന യൂണിറ്റും വാണിമേൽ, പുറമേരി പഞ്ചായത്തുകളിലായി രണ്ട് കമ്പോസ്റ്റ് യൂണിറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമേ ചേളന്നൂർ ബ്ലോക്കിലെ കാക്കൂർ, കക്കോടി, നരിക്കുനി, നന്മണ്ട, തലക്കുളത്തൂർ, ചേളന്നൂർ എന്നീ പഞ്ചായത്തുകളിലായി 24 ചെറുകിട ഉത്പാദന യൂണിറ്റുകളും 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. കക്കോടി, കാക്കൂർ പഞ്ചായത്തുകളിലായി യഥാക്രമം ഒരു കൂൺ സംസ്കരണ യൂണിറ്റ്, ഒരു പാക്ക് ഹൌസ് എന്നിവയുടെ നിർമാണം പുരോഗമിച്ചുവരുന്നു</td></tr>
<tr><td>(സി)</td><td>കൂൺ കർഷകർക്കായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>മിഷൻ ഫോർ ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH)പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം കൂൺ കർഷകർക്കായി അടിസ്ഥാന സൌകര്യങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വായ്പാ ബന്ധിത ധനസഹായം നൽകിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>1</td><td>കൂൺ ഉല്പാദന യൂണിറ്റ്(20 ലക്ഷം രൂപ)</td><td rowspan="3">പൊതുമേഖലയിൽ പദ്ധതി ചെലവിന്റെ 100%, സ്വകാര്യമേഖലയിൽ പദ്ധതി ചെലവിന്റെ 40% വായ്പാ ബന്ധിത ധനസഹായം</td></tr>
<tr><td>2</td><td>കൂൺ വിത്ത് ഉല്പാദന യൂണിറ്റ് (15 ലക്ഷം രൂപ)</td></tr>
<tr><td>3</td><td>കമ്പോസ്റ്റ് മേക്കിങ് യൂണിറ്റ്(20 ലക്ഷം രൂപ)</td></tr>
<tr><td>4</td><td>പ്രാഥമിക സംസ്കരണ യൂണിറ്റ്(25 ലക്ഷം രൂപ)</td><td>സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 40%, മലയോര പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 55% വായ്പാ ബന്ധിത ധനസഹായം</td></tr>
<tr><td>5</td><td>പുതിയ പ്രീസെർവേഷൻ യൂണിറ്റ്(2 ലക്ഷം രൂപ)</td><td rowspan="3">ചെലവിന്റെ 50% ധനസഹായം</td></tr>
<tr><td>6</td><td>പാക്ക് ഹൌസ്(4 ലക്ഷം രൂപ)</td></tr>
<tr><td>7</td><td>നിലവിലുള്ള പ്രീസെർവേഷൻ യൂണിറ്റുകളുടെ പുനരുദ്ധാരണം (1 ലക്ഷം രൂപ)</td></tr>
</table>
കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ